# കേരള സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ

നമ്പർ: ഇ(2)40/2025/എസ്.സി.ഇ.സി | തീയതി : 26.03.2026

## പരിപത്രം നമ്പർ – 02/2026

വിഷയം : സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ – 23.03.2026-നും 20.06.2026-നും ഇടയിൽ ഭരണസമിതി കാലാവധി അവസാനിക്കുന്ന സഹകരണ സംഘങ്ങൾ – ഭരണസമിതി തെരഞ്ഞെടുപ്പ് – തെരഞ്ഞെടുപ്പ് പുന:ക്രമീകരിച്ച് പുതിയ തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കുന്നത് – മാർഗ്ഗനിർദ്ദേശം – സംബന്ധിച്ച്.

സൂചന : 26.03.2026-ലെ സ.ഉ(അച്ചടി)നമ്പർ 75/2026/സഹ പ്രകാരം സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനം.

കേരള നിയമസഭയിലേക്ക് 09.04.2026-ന് നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള തെരഞ്ഞെടുപ്പും അനുബന്ധ നടപടികളുമായി ബന്ധപ്പെട്ട ഭരണപരമായ സൗകര്യവും പൊതുതാല്പര്യവും കണക്കിലെടുത്ത് 23.03.2026-നും 20.06.2026-നും ഇടയിൽ ഭരണസമിതി കാലാവധി അവസാനിക്കുന്ന സഹകരണ സംഘങ്ങളുടെ/സ്ഥാപനങ്ങളുടെ ഭരണസമിതി കാലാവധി ദീർഘിപ്പിച്ച് സർക്കാർ സൂചന വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം മേൽപ്പറഞ്ഞ കാലയളവിൽ ഭരണസമിതി കാലവധി അവസാനിക്കുന്ന സംഘങ്ങളിലെ തെരഞ്ഞെടുപ്പ് നടപടികൾ നിർത്തിവയ്ക്കുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

പ്രസ്തുത ഗണത്തിൽപ്പെടുന്ന സംഘങ്ങളിൽ, നിർത്തിവച്ചിട്ടുള്ള തെരഞ്ഞെടുപ്പ് നടപടികൾ ഭരണസമിതി കാലാവധി ദീർഘിപ്പിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ പുന:ക്രമീകരിച്ച് തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് തെരഞ്ഞെടുപ്പ് കമ്മീഷന് അപേക്ഷ സമർപ്പിക്കുമ്പോൾ പുതിയ തെരഞ്ഞെടുപ്പ് തീയതി, സ്ഥലം, സമയക്രമം എന്നിവ വ്യക്തമാക്കുന്ന പുതിയ ഭരണസമിതി തീരുമാനത്തിന് പുറമെ, തെരഞ്ഞെടുപ്പ് കമ്മീഷൻ ഇതിനകം തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ അത് പ്രകാരം പൂർത്തിയായിട്ടുള്ള നടപടിക്രമം ഇലക്ടറൽ ഓഫീസർ/വരണാധികാരിയുടെ റിപ്പോർട്ട് സഹിതം സമർപ്പിക്കേണ്ടതാണ്. തെരഞ്ഞെടുപ്പ് തീയതി പുന:ക്രമീകരിക്കുന്നതിനാൽ തെരഞ്ഞെടുപ്പ് കേന്ദ്രവുമായി ബന്ധപ്പെട്ട പുതിയ സമ്മതപത്രവും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. മേൽ പ്രകാരം സമർപ്പിക്കുന്ന അപേക്ഷയും അനുബന്ധ രേഖകളും നിർദ്ദിഷ്ട തെരഞ്ഞെടുപ്പ് തീയതിക്ക് മുമ്പായി സമയക്രമം പാലിച്ച് തപാൽ മുഖേന തെരഞ്ഞെടുപ്പ് കമ്മീഷന് സമർപ്പിക്കേണ്ടതാണ്. തെരഞ്ഞെടുപ്പ് വിജ്ഞാപനം ഇതിനകം പുറപ്പെടുവിച്ചിട്ടില്ലാത്ത സംഘങ്ങൾ/സ്ഥാപനങ്ങൾ സൂചന വിജ്ഞാപനപ്രകാരം ഭരണസമിതി കാലാവധി ദീർഘിപ്പിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ പുതിയ ഭരണസമിതിയെ തെരഞ്ഞെടുക്കുവാൻ കഴിയുംവിധം തെരഞ്ഞെടുപ്പ് അപേക്ഷ ചട്ടപ്രകാരം സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)
എസ്. എച്ച്. ജയകേശൻ
സംസ്ഥാന സഹകരണ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ

സഹകരണ സംഘം രജിസ്ട്രാർ, ജവഹർ സഹകരണ ഭവൻ, തൈക്കാട് പി.ഒ,
തിരുവനന്തപുരം – 695 014
ഡയറക്ടർ/രജിസ്ട്രാർ, വ്യവസായ വാണിജ്യ വകുപ്പ്, വികാസ് ഭവൻ,
തിരുവനന്തപുരം - 695 033
ഡയറക്ടർ/രജിസ്ട്രാർ, ഫിഷറീസ് വകുപ്പ്, വികാസ് ഭവൻ,
തിരുവനന്തപുരം - 695 033
ഡയറക്ടർ/രജിസ്ട്രാർ, ക്ഷീര വികസന വകുപ്പ്, പട്ടം, തിരുവനന്തപുരം - 695 004
ഡയറക്ടർ/രജിസ്ട്രാർ, കയർ വികസന വകുപ്പ്, നന്ദാവനം, തിരുവനന്തപുരം - 695 033
സെക്രട്ടറി/രജിസ്ട്രാർ, ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്, വഞ്ചിയൂർ,
തിരുവനന്തപുരം - 695 035.
ഡയറക്ടർ/രജിസ്ട്രാർ, കൈത്തറിയും ടെക്സ്റ്റയിൽസും വകുപ്പ്, വികാസ് ഭവൻ,
തിരുവനന്തപുരം - 695 033
ഡയറക്ടർ/രജിസ്ട്രാർ, ടൂറിസം വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം - 695 033

//ഉത്തരവിൻ പ്രകാരം//

ഒപ്പ്

അഡീഷണൽ രജിസ്ട്രാർ/സെക്രട്ടറി